**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4745** **20-07-2022 - ൽ മറുപടിയ്ക്ക്**

**ആർക്കിടെക്ടുകളുടെ എംപാനൽഡ് ലിസ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെട്ടിടങ്ങളുടെ മികച്ച രൂപകൽപ്പന ഉറപ്പ് വരുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ നിന്നും ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തി അതാത് ഭരണവകുപ്പുകളിൽ നിന്നും കെട്ടിടത്തിന്റെ വിശദമായ Functional Requirement ശേഖരിച്ച് പൊതുമരാമത്ത് വകുപ്പ് ആർക്കിടെക്ചർ വിഭാഗത്തിന് കൈമാറുന്നു. രൂപകല്പന സംബന്ധമായ തുടർ നടപടികൾ ആർക്കിടെക്ചർ വിഭാഗമാണ് നിർവഹിക്കുന്നത്. സമീപകാലങ്ങളിൽ പൊതുമരാമത്ത് വകുപ്പ് വാസ്തു ശില്പ വിഭാഗം രൂപകല്പന ചെയ്ത് കെട്ടിട വിഭാഗം നിർമ്മിക്കുന്ന കെട്ടിടങ്ങൾ ഉപയോഗക്ഷമതയിലും, കലാമൂല്യപരമായും കാലഘട്ടത്തോട് യോജിച്ചു നിൽക്കുന്നവയാണ്. വകുപ്പ് തലത്തിൽ സ്വീകരിച്ചിട്ടുള്ള, വിവിധ ഘട്ടങ്ങളിലും തലങ്ങളിലുമുള്ള അവലോകന, നിർവ്വഹണ സംവിധാനങ്ങൾ (DICC, നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള വിലയിരുത്തൽ, PWD Mission, മറ്റു ഓൺലൈൻ സംവിധാനങ്ങൾ) കാരണം കാര്യക്ഷമമായും സമയ ബന്ധിതമായും നിർമ്മാണങ്ങൾ നടപ്പിലാക്കുവാൻ ഈ വിഭാഗത്തിന് സാധിക്കുന്നു. കെട്ടിടങ്ങളുടെ രൂപകല്പനയിലും നിർമ്മാണത്തിലും സ്വീകരിച്ചിട്ടുള്ള ആശയങ്ങളും സങ്കേതങ്ങളും സംഗ്രഹിക്കുന്നു.<br><br>I) സാദ്ധ്യമാകുന്ന തരത്തിൽ പ്രകൃതിയോടിണങ്ങുന്ന നിർമ്മാണങ്ങൾ സാദ്ധ്യമാക്കുവാൻ ഹരിത നിർമ്മാണ ശൈലി അവലംബിച്ചു വരുന്നു. അതനുസരിച്ച് നിർമ്മിക്കുന്ന രജിസ്ട്രേഷൻ വകുപ്പിന്റെ ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണം തിരുവനന്തപുരം നേമത്ത് പുരോഗമിച്ചു വരുന്നു. ഹരിത നിർമ്മാണ സാങ്കേതിക വിദ്യയിൽ വകുപ്പിലെ വാസ്തു ശില്പികൾക്കും ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | | | എഞ്ചിനീയർമാർക്കും പരിശീലന ക്ലാസുകൾ സംഘടിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്.<br>II) കെട്ടിട രൂപകല്പനയുടെ അടിസ്ഥാന തത്വമായ മതിയായ വായു സഞ്ചാരവും വെളിച്ചവും ഉറപ്പാക്കുന്ന രൂപകല്പനകൾ.<br>III) കാലത്തിനിണങ്ങുന്ന കെട്ടിടങ്ങളുടെ മുഖഛായ.<br>IV) നിർമ്മാണ ചട്ടങ്ങൾക്കുള്ളിൽ നിന്നുകൊണ്ടുള്ള രൂപകല്പന.<br>v) അഗ്നിസുരക്ഷാ നിർദ്ദേശങ്ങൾ, അംഗപരിമിതർക്കുള്ള സൗകര്യങ്ങൾ എന്നിവ ഉറപ്പുവരുത്തുവാനുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നു.<br>vi) കെട്ടിടങ്ങളുടെ structural weight ഉറപ്പാക്കുവാനായി ഭാരം കുറഞ്ഞ നിർമ്മാണ വസ്തുക്കൾ (AAC Block, Light weight partition walls തുടങ്ങിയവ) ഉൾപ്പെടുത്തുന്നതു മൂലം നിർമ്മാണ ചെലവ് കുറയ്ക്കുവാൻ കഴിയുന്നു. |
| (ബി) | പൊതുമരാമത്ത് ആർക്കിടെക്ച്ചർ വിഭാഗത്തിന് വകുപ്പിലെ മുഴുവൻ കെട്ടിട നിർമ്മാണ പ്രവൃത്തികളുടെയും രൂപകൽപ്പന ചെയ്യുന്നതിന് സാധിക്കുമോ; ഇല്ലെങ്കിൽ മറ്റു ഏജൻസികൾ വഴി കെട്ടിടങ്ങളുടെ രൂപകൽപ്പന നടത്താൻ സാധിക്കുമോ എന്ന് വിശദവിവരങ്ങൾ സഹിതം അറിയിക്കാമോ; | (ബി) | പൊതുമരാമത്ത് ആർക്കിടെക്ചറൽ വിഭാഗത്തിന് കെട്ടിട വിഭാഗവുമായി ബന്ധപ്പെട്ട് ലഭ്യമാകുന്ന എല്ലാ നിർമ്മാണപ്രവർത്തികളുടെയും രൂപകല്പന ചെയ്യുന്നതിന് സാധിക്കുന്നതാണ്. |
| (സി) | മികച്ച ആർക്കിടെക്ടുകളുടെ എംപാനൽഡ് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ അറിയിക്കാമോ? | (സി) | ആർക്കിടെക്ടുകളുടെ എംപാനൽ ലിസ്റ്റ് നിലവിലില്ല. |

സെക്ഷൻ ഓഫീസർ